

22/05/2026

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. K S

Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/05/2026

1. ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന **കേര പദ്ധതിയിലൂടെ** പുനർനടീൽ നടത്തുന്ന റബർ കർഷകർക്ക് ഹെക്ടറിന് 75,000 രൂപ നിരക്കിൽ സർക്കാരിന്റെ നേരിട്ടുള്ള ധനസഹായം ലഭ്യമാക്കുന്ന സ്കീമിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സംസ്ഥാനത്ത് 30,000 ഹെക്ടറിലെ പുനർനടീലിലൂടെ 50,000 ത്തോളം റബർ കർഷകർക്ക് സഹായം ലഭ്യമാക്കും. 25 സെന്റ് മുതൽ 5 ഹെക്ടർവരെ റബർ കൃഷിയുള്ള ചെറുകർഷകർക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതാണ് പദ്ധതി. ആദ്യ വർഷം 55,000 രൂപയും രണ്ടാം വർഷം 20,000 രൂപയും ഓരോ കർഷകനും പരമാവധി 2 ഹെക്ടർ വരെയുള്ള റബർ പുനർനടീലിന് ധനസഹായം ലഭിക്കും. ഉത്പാദനക്ഷമത കുറഞ്ഞ പഴയ റബർ മരങ്ങൾ മുറിച്ചു മാറ്റി, ഉത്പാദനക്ഷമതയുള്ളവ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ് പദ്ധതി. ഗുണമേന്മയുള്ള തൈകൾ കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഓരോ നഴ്സറിക്കും പരമാവധി 6 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കും. അപേക്ഷകർ തിരിച്ചറിയൽ രേഖ, ഫോട്ടോ,

ബാങ്ക് പാസ് ബുക്ക്, കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിയിടത്തിന്റെ സ്കെച്ച്, അംഗീകൃത നഴ്സറിയിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ തുടങ്ങിയ രേഖകൾ ഓൺ ലൈനായി സമർപ്പിക്കണം. അപേക്ഷ നൽകേണ്ട ഓൺലൈൻ പോർട്ടൽ- www.keraplantation.kerala.gov.in. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ തിരുവനന്തപുരം (6238450476), 9037824036 (കോട്ടയം), 9037824049 തൃശ്ശൂർ, 9037824047 (കണ്ണൂർ) എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു സീനിയർ റിസെർച്ച് ഫെല്ലോ (എസ്. ആർ. എഫ്.) യ്ക്ക് വേണ്ടി 2026, ജൂൺ 04 ന് ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം 31.03.2027 വരെ. ഉയർന്ന പ്രായ പരിധി ജൂൺ 04 ന് പുരുഷന്മാർ 35, സ്ത്രീകൾ 40 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). ICAR അംഗീകരിച്ച ഒരു കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രിക്കൾച്ചർ ഹോർട്ടിക്കൾച്ചർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയിൽ ബിരുദാന്തര ബിരുദം ആണ് യോഗ്യത. ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിലോ കെ.വി.കെ.യിലോ നടപ്പിലാക്കിയ കാർഷിക മേഖലയിലെ പദ്ധതികളിൽ പരിചയം, ഇരുചക്ര വാഹന ഡ്രൈവിങ്ങിൽ ഉള്ള പരിചയം, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പരിജ്ഞാനം എന്നിവ അഭികാമ്യം. പ്രതിമാസ ഫെല്ലോഷിപ്പ് 37000/- രൂപ + HRA കൂടുതൽ വിവരങ്ങൾക്ക് www.cpcri.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. താത്പര്യമുള്ളവർ 2026, ജൂൺ തിയതിയ്ക്കുള്ളിൽ 0479-2959268, 2449268, 9447790268 എന്നിവയിൽ ഏതെങ്കിലും ഒരു ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്തതിന് ശേഷം ജൂൺ 04 ന് രാവിലെ 09.30 ന് കൃഷ്ണപുരത്തെ സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എസ്. എസ്. എൽ. സി. മുതലുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതും ആണ്.

3. റബ്ബർ കൃഷിചെയ്യുന്നതിന് ഒരോ പ്രദേശത്തേക്കും യോജിച്ച ഇനങ്ങളെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചുമറിയാൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. കർഷകരുടെ ചോദ്യങ്ങൾക്ക് 2026 മെയ് 22 വെള്ളിയാഴ്ച രാവിലെ പത്തുമണി മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഗിരീഷ് റ്റി. ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികളുടേയും അനുബന്ധതൊഴിലാളികളുടേയും മക്കൾക്കായി നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ കായിക പ്രോത്സാഹന അവാർഡിന് എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 2026 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എ പ്ലസ്, 9 എപ്ലസ്, 8 എപ്ലസ് വാങ്ങിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രക്ഷാകർത്താവിന്റെ ക്ഷേമനിധി ബോർഡ് പാസ്സ് ബുക്കിന്റെ ഫോട്ടോ പതിച്ച പേജ്, കുടുംബ വിവര പേജ്, വിഹിതമടവ് രേഖപ്പെടുത്തിയിട്ടുള്ള പേജ് എന്നിവയുടെ പകർപ്പ്, വിദ്യാർത്ഥിയുടെ ആധാറിന്റെയും പാസ്സ് ബുക്കിന്റെയും കോപ്പി,

പാസ്സ്പോർട്ട് ഫോട്ടോ എന്നിവ ഹാജരാക്കണം. രണ്ട് സെറ്റ് അപേക്ഷകൾ അനുബന്ധ രേഖകൾക്കൊപ്പം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കണം. അവസാന തീയതി മെയ് 23. ഫോൺ: 0471 –2325483.

5. മൃഗസംരക്ഷണ വകുപ്പിന് കീഴിലെ കോഴിക്കോട് ചാത്തമംഗലം പ്രാദേശിക കോഴിവളർത്തു കേന്ദ്രത്തിൽ വിരിയിച്ച അംഗീകൃത എഗ്ഗർ നഴ്സറിയിൽ വളർത്തിയ 45-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഒന്നിന് 130/- രൂപ നിരക്കിൽ 23/05/2026 ശനിയാഴ്ച രാവിലെ ഒമ്പത് മുതൽ 12 വരെ കോഴിക്കോട് ജില്ല മൃഗാശുപത്രിയിൽ വെച്ച് വിതരണം ചെയ്യുന്നു. ഫോൺ നമ്പർ 9847932809

## പരിശീലന പരിപാടി

6. കേരള കാർഷിക സർവകലാശാലയുടെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ [Agricultural Technology Information Centre] " അക്വാടെറേറിയംസൂക്ഷ്മആവാസവ്യവസ്ഥകൾ " [Aquaterrarium - mini ecosystems] എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി മെയ് 29ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നു. പ്രായോഗിക പരിശീലന പരിപാടിയുടെ ആകെ ഫീസ് 75രൂപയാണ്. അക്വേറിയം മേഖലയിൽ സംരംഭകരാകാൻ താല്പര്യമുള്ള യുവാക്കൾ, വനിതകൾ, വിദ്യാർഥികൾ എന്നിവർക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ് . വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ താഴെപറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. ഫോൺ നമ്പർ: 0487–2370540/ 0487–2371340/മൊബൈൽ നമ്പർ: 9388552006.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം